"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - 13.10.2025-ൽ കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ മരണപ്പെട്ട കൊട്ടാരക്കര അഗ്നി രക്ഷാനിലയത്തിലെ ഫയർ&റസ്ക്യൂഓഫീസർസോണി എസ് കുമാറിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

**സ.ഉ.(കൈ) നം.139/2026/RD തീയതി,തിരുവനന്തപുരം, 14-03-2026**

---

പരാമർശം:-

1. ഫയർ & റെസ്ക്യൂ സർവ്വീസസ്സ് ഡയറക്ടർ ജനറലിന്റെ 28/10/2025-ലെ കത്ത്.
2. കൊല്ലം ജില്ലാ കളക്ടറുടെ 10/03/2026-ലെ DCKLM/2553/2026-N4 നമ്പർ കത്തും ഉള്ളടക്കവും.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11.03.2026 തീയതിയിലെ DCTVM/3615/2026-A16 നമ്പർ കത്തും ഉള്ളടക്കവും.

**<u>ഉത്തരവ്</u>**

13.10.2025-ൽ കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ മരണപ്പെട്ട കൊട്ടാരക്കര അഗ്നിരക്ഷാ നിലയത്തിലെ ഫയർ & റസ്ക്യൂ ഓഫീസർ സോണി എസ് കുമാറിന്റെ കുടുംബത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള അടിയന്തര ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഫയർ & റെസ്ക്യൂ സർവ്വീസസ്സ് ഡയറക്ടർ ജനറൽ പരാമർശം (1) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് കൊല്ലം, തിരുവനന്തപുരം ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് പരാമർശം (2), (3) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 13.10.2025-ൽ കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ മരണപ്പെട്ട കൊട്ടാരക്കര അഗ്നിരക്ഷാനിലയത്തിലെ ഫയർ & റസ്ക്യൂ ഓഫീസർ സോണി എസ് കുമാറിന്റെ കുടുംബത്തിനുള്ള ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം)രൂപ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

3) പ്രസ്തുത ഇനത്തിൽ വിതരണത്തിനാവശ്യമായി വരുന്ന തുകയായ ₹10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ T.P. 80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ

കളക്ടറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. ആയത് വിതരണം ചെയ്യുന്നതിനും നടപടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

4) സോണി എസ്. കുമാറിന്റെ ഭാര്യ ശ്രീമതി. അശ്വതിയ്ക്ക് കൊല്ലം ജില്ലയിലുള്ള ഗവൺമെൻ്റ് ഹൈസ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായി സ്ഥിരനിയമനം നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം ജി രാജമാണിക്കം**

**സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ്
ആഭ്യന്തര (എഫ്) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് (13.03.2026ലെ മന്ത്രിസഭയോഗ തീരുമാനം ഇനം നം. 3915)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (DRF A1/17/2026/REV)

ഉത്തരവിൻ പ്രകാരം

Signed by
Maheswari A
Date: 14-03-2026 18:36:52
സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 13-03-2026

ഫയൽ നം. റവ-ഡി.ആർ.എഫ്.എ1/17/2026/റവ. ഇനം നം: 3915

വിഷയം : റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ മരണമടഞ്ഞ കൊട്ടാരക്കര നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ സോണി എസ്. കുമാറിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം പരിഗണിച്ചു. പത്തു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുവാൻ തീരുമാനിച്ചു. സോണി എസ്. കുമാറിന്റെ ഭാര്യ ശ്രീമതി. അശ്വതിയ്ക്ക് കൊല്ലം ജില്ലയിലുള്ള ഗവൺമെന്റ് ഹൈസ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായി സ്ഥിരനിയമനം നൽകുവാനുള്ള നടപടി പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3915

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിലുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | റവ-ഡി.ആർ.എഫ്.എ 1/ 17/ 2026-റവ. |
| 2. | വകുപ്പ് | : | റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ് |
| 3. | വിഷയം | : | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ മരണമടഞ്ഞ കൊട്ടാരക്കര നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ സോണി എസ് കുമാറിന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.11.2025 (HomeF3-289/2025)<br>20.02.2026 (DRF-A1/17/2026) |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഇല്ല |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി ജയശ്രീ.റ്റി.കെ |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്കം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2026 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 12.03.2026 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12.03.2026 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12.03.2026 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കൊല്ലം നെടുവത്തൂർ ആനക്കോട്ടൂർ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ 13.10.2025 തീയതിയിൽ മരണപ്പെട്ട കൊട്ടാരക്കര നിലയത്തിലെ ഫയർ & റസ്ക്യൂ ഓഫീസർ ശ്രീ. സോണി എസ് കുമാറിന്റെ കുടുംബത്തിന് സർക്കാർ ഭാഗത്തുനിന്നുള്ള നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) മരണപ്പെട്ട വ്യക്തിയുടെ ഭാര്യ അശ്വതി സാമ്പത്തിക സഹായവും ആശ്രിതനിയമനം ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. മുഖ്യമന്ത്രിയ്ക്കും, ബഹു. ധനകാര്യ വകുപ്പ് മന്ത്രിയ്ക്കും അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി KFSA ജനറൽ സെക്രട്ടറി CMO പോർട്ടൽ മുഖേന ആഭ്യന്തര (എഫ്) വകുപ്പിനും അപേക്ഷ സമർപ്പിച്ചിരുന്നു.

3) കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടെ കൊട്ടാരക്കര അഗ്നിരക്ഷാ നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ സോണി.എസ്.കുമാർ 13.10.2025 തീയതിയിൽ പുലർച്ചെ ദാരുണമായി മരണപ്പെട്ടു. ശ്രീ. സോണി എസ് കുമാറിന്റെ കുടുംബത്തിന് സർക്കാർ ഭാഗത്തുനിന്നുള്ള നഷ്ടപരിഹാരമായി അടിയന്തരമായി 25 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന്മേൽ ഫയൽ ആഭ്യന്തര (എഫ്) വകുപ്പ് ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ "ധനസഹായം അനുവദിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക" എന്ന് ബഹു. മുഖ്യമന്ത്രി ഉത്തരവായി. തുടർന്ന് മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് മുഖേന സമർപ്പിക്കുക. എന്ന് ബഹു. മുഖ്യമന്ത്രി ആഭ്യന്തര (എഫ്) വകുപ്പിന്റെ F3/289/2025-Home നമ്പർ ഫയലിൽ ഉത്തരവാക്കുകയായിരുന്നു.

4) അപകടം നടന്നത് കൊല്ലം ജില്ലയിൽ ആയതിനാൽ ആഭ്യന്തര (എഫ്) വകുപ്പ് ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഫയൽ റവന്യൂ ഡി.ആർ.എഫ് (സി) വകുപ്പിന് 20.02.206-ന് കൈമാറിയിരുന്നു. കൊല്ലം ജില്ല കൈകാര്യം ചെയ്യുന്നത് റവന്യൂ ഡി.ആർ.എഫ് (സി) വകുപ്പാണെങ്കിലും ഈ സംഭവത്തിലെ അപേക്ഷകയുടെ മേൽവിലാസം തിരുവനന്തപുരം ജില്ലയായതിനാൽ റവന്യൂ (ഡി.ആർ.എഫ്-സി) വകുപ്പ് തിരുവനന്തപുരം ജില്ല കൈകാര്യം ചെയ്യുന്ന റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പിന് ഫയൽ കൈമാറുകയായിരുന്നു.

5) ഇത് സംബന്ധിച്ച് കൊല്ലം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കൊട്ടാരക്കര അഗ്നിരക്ഷാ നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസറായിരുന്ന ശ്രീ.സോണി.എസ്.കുമാർ, FRO 7623, ഡ്യൂട്ടിയിലായിരിക്കെ നെടുവത്തൂർ ആനക്കോട്ടൂർ ഭാഗത്ത് കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കാനുള്ള ശ്രമത്തിനിടയിലാണ് മരണമടഞ്ഞതെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ടി വില്ലേജിൽ ആനക്കോട്ടൂർ മുറിയിൽ മുണ്ടുപ്പാറ എന്ന സ്ഥലത്ത് കൃഷ്ണ വിലാസം വീട്ടിൽ അർച്ചന എന്ന

സ്ത്രീ കിണറ്റിൽ വീണ വിവരം ലഭിച്ചതിനെത്തുടർന്ന് കൊട്ടാരക്കര ഫയർസ്റ്റേഷനിൽ നിന്നും എത്തിയ സംഘത്തിൽ ടി ഓഫീസർ അംഗമായിരുന്നു. ടി സ്ത്രീയെ കിണറ്റിൽ നിന്നും എടുക്കുന്നതിനുള്ള രക്ഷാപ്രവർത്തനം നടത്തിവരവെ കിണറിന്റെ മുകൾ ഭാഗം ഇടിഞ്ഞ് കിണറ്റിലേക്ക് വീണതിനെത്തുടർന്നാണ് ഈ ഉദ്യോഗസ്ഥൻ മരണപ്പെട്ടത്. ആയതിനാൽ ടിയാന്റെ സേവനം കണക്കിലെടുത്ത് അദ്ദേഹത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി ജില്ലാ ഫയർ ആഫീസറുടെ റിപ്പോർട്ട്, തഹസീൽദാരുടെ അന്വേഷണ റിപ്പോർട്ട്, അനുബന്ധ രേഖകൾ സഹിതം ശിപാർശ ചെയ്ത് ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6) അപേക്ഷകയുടെ മേൽവിലാസം തിരുവനന്തപുരം ജില്ലയിൽ ആയതിനാൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ റിപ്പോർട്ടും തേടുകയുണ്ടായി. സോണി. എസ്. കുമാർ, ഹൃദ്യം, താഴമൺകോണം, ഇളമ്പ വില്ലേജ് എന്നവർ കൊട്ടാരക്കര ഫയർഫോഴ്സ് ഓഫീസിൽ, ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ ആയി ജോലി നോക്കി വരവെ 13.10.2025-ന് നെടുവത്തൂർ പഞ്ചായത്തിലെ, ആനക്കോട്ടൂർ എന്ന സ്ഥലത്ത് കിണറ്റിൽ വീണ സ്ത്രീയെ രക്ഷപ്പെടുത്തുന്നതിനുള്ള രക്ഷാപ്രവർത്തനത്തിനിടയിൽ മരണപ്പെട്ടിട്ടുള്ളതും, അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം സ്വവസതിയിൽ മരണാനന്തര ചടങ്ങുകൾ നടന്നിട്ടുള്ളതുമാണ്. മരണപ്പെട്ട സോണി. എസ്. കുമാർ (36 വയസ്) വിവാഹിതനും ടിയാന്റെ ഭാര്യ ശ്രീമതി. അശ്വതി. എസ്. എസ് (33 വയസ്) ഏക മകൾ ഹൃദ്യ. എ. എസ് (3 വയസ്) എന്നിവർ ഹൃദ്യം, താഴമൺകോണം, ഇളമ്പ വില്ലേജ് എന്ന വിലാസത്തിൽ താമസിച്ച വന്നിരുന്നതും, നിലവിൽ കൊല്ലം ജില്ലയിൽ അഞ്ചൽ വില്ലേജിൽ താമസിക്കുന്നതായും അറിയുന്നു. ശ്രീമതി. അശ്വതി. എസ്. എസ് പി.എസ്.സി മുഖാന്തിരം ഫിസിക്കൽ എജ്യൂക്കേഷൻ ടീച്ചർ ആയി നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിൽ രണ്ട് വർഷമായി ജോലി നോക്കിവരുന്നതുമാണ്. സോണി എസ് കുമാർ മരണപ്പെട്ട ശേഷമുള്ള ടി കുടുംബത്തിന്റെ വാർഷിക വരുമാനം **5,42,544/- രൂപയാണെന്ന്** ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) പരേതന്റെ മാതാപിതാക്കളായ ശ്രീ. ശ്രീകുമാർ ശ്രീമതി. ലളിത എന്നിവർ മമത, ഇളമ്പ, പൊയ്യമുക്ക് പി.ഒ, മുദാക്കൽ വില്ലേജ് എന്ന സ്ഥലത്ത് താമസിച്ചുവരുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പരേതന്റെ പിതാവായ ശ്രീ. ശ്രീകുമാർ ടിപ്പർ ലോറി ഡ്രൈവറായി കൂലിക്ക് പോകുന്നതായും, മാതാവായ ശ്രീമതി. ലളിതയ്ക്ക് ഗൃഹവൃത്തിയുമാണ്. പരേതന്റെ മാതാപിതാക്കളുടെ കുടുംബ വാർഷിക വരുമാനം 80,000/- രൂപ ആണെന്ന് അറിയുന്നു. പരേതന്റെ പേരിലുള്ള വസ്തുവിൽ ഏകദേശം നാല് വർഷങ്ങൾക്ക് മുൻപ് പുതുതായി വീട് വെച്ച് താമസമാക്കിയിട്ടുള്ളതും, ടി വീട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലോണുകൾ എടുത്തവകയിൽ പരേതന്റെ കുടുംബത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ നിലവിലുള്ളതായും അറിയുന്നു.

8) **കൂടാതെ പരേതന്റെ വീട് വെയ്ക്കുന്ന ആവശ്യത്തിലേയ്ക്ക് മാതാവ് സ്വർണം പണയം വെച്ചും മറ്റും ലോൺ എടുത്ത് നൽകിയിട്ടുള്ളതായും, ആയതിനാൽ ടിയാന് മരണാനന്തര ധനസഹായം നൽകുന്നതിൽ മാതാവായ തന്നെക്കൂടി പരിഗണിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ട്** പരേതന്റെ മാതാവായ ശ്രീമതി ലളിത സ്റ്റേറ്റ്മെന്റ് നൽകിയിട്ടുള്ളതായും ജില്ലാ കളക്ടർ

അറിയിച്ചിട്ടുണ്ട്. മാതാവിന്റെ സ്റ്റേറ്റ് മെന്റ്, പരേതന്റെ മരണ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, പോസ്റ്റ് മോർട്ടം റിപ്പോർട്ട്, തഹസിൽദാരുടെ കത്ത് എന്നിവയുടെ പകർപ്പം ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.

9) ചികിത്സാ ധനസഹായം, അപകടമരണം, തീപിടിത്തം, മുതലായവയ്ക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കളക്ടറുടെ റിപ്പോർട്ട്, വ്യക്തമായ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെ ഉള്ളവരുടെ കുടുംബത്തിന് ധനസഹായം അനുവദിച്ചുവരുന്നത്. **ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷാ കക്ഷിക്ക് വാർഷിക വരുമാനം 5,42,544/-** രൂപയാണ്. കൂടാതെ അപേക്ഷക നിലവിൽ കൊല്ലം ജില്ലയിൽ അഞ്ചൽ വില്ലേജിൽ താമസിക്കുന്നതായും തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

10) ഈ വിഷയത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് മുഖേന സമർപ്പിക്കുവാൻ ആഭ്യന്തര (എഫ്) വകുപ്പിന്റെ F3/289/2025-Home നമ്പർ ഫയലിൽ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**തീരുമാനിക്കേണ്ട വിഷയം**

കൊല്ലം നെടുവത്തൂർ ആനക്കോട്ടൂരിൽ കിണറ്റിൽ അകപ്പെട്ട സ്ത്രീയെ രക്ഷിക്കുന്നതിനിടയിൽ 13.10.2025 തീയതിയിൽ മരണപ്പെട്ട കൊട്ടാരക്കര നിലയത്തിലെ ഫയർ & റെസ്ക്യൂ ഓഫീസർ സോണി എസ് കുമാറിന്റെ കുടുംബത്തിന് (അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർക്കുന്നു.) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാമോ? എങ്കിൽ എത്ര തുക?

FORM 6 C

(See Rule 3)

# GOVERNMENT OF KERALA

## CHIRAYINKEEZHU TALUK OFFICE

## LEGAL-HEIRSHIP CERTIFICATE

No. 98747666

Date: 15/12/2025

| | |
|---|---|
| Name of Deceased | SONY S KUMAR |
| Gender | Male |
| Date of Death | 13/10/2025 |
| Address | HRIDYAM, THAZHAMANKONAM , ELAMBA , MUDAKKAL , POIKAMUKKU P O |

Certified that the person mentioned below is/are legal- heir(s) of the deceased mentioned above and the nature of relationship is as stated.

| Name | Relationship with the deceased | Age |
|---|---|---|
| ASWATHY S S | Wife | 32 years |
| HRIDYA A S | Daughter | 3 years |
| LALITHA | Mother | 63 years |

| | |
|---|---|
| Date of issue of certificate | 15/12/2025 |
| Designation of the Issuing officer | Tahsildar |
| Remarks | Nil |

This certificate is issued based on the details given in the application,local enquiry,facts and records produced and is valid for lifelong and notification published in the Kerala Gazette No.45 Volume 14 dated 2025-11-11.

This certificate is valid for lifelong.

Security Code : KCC67

Digitally signed by V Kumari Bindu
Date:15-12-2025 15:47:48

NOTE:

1. This digitally signed document is legally valid as per the Information Technology (IT) Act, 2000.
2. Authenticity of this document can be verified from http://edistrict.kerala.gov.in/ and submitting the Certificate Number and Security code. Alternatively, please contact : 155300, 0471155300, 04712335523